# പന്ത്രണ്ടാമത് ഇന്ത്യ-നെതർലാൻഡ്സ് വിദേശകാര്യ സംഭാഷണങ്ങൾ

മേയ് 03, 2024

പന്ത്രണ്ടാമത് ഇന്ത്യ-നെതർലാൻഡ്സ് വിദേശകാര്യ സംഭാഷണങ്ങൾ (FOC) 2024 മേയ് 1-ന് നെതർലാൻഡ്സിലെ ഹേഗിൽ നടന്നു. വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (വെസ്റ്റ്) ശ്രീ. പവൻ കുമാറാണ് ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത്. നെതർലാൻഡ്സ് വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി ജനറൽ ശ്രീ. പോൾ ഹുജിറ്റ്സ് ഡച്ച് സംഘത്തെ നയിച്ചു. കഴിഞ്ഞ വിദേശകാര്യ തല സംഭാഷണം 2022 ഡിസംബറിൽ ന്യൂഡൽഹിയിലായിരുന്നു നടന്നത്.

2. ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതി അവലോകനം ചെയ്യാനും സഹകരണത്തിന്റെ ഭാവി കാര്യപരിപാടി ചർച്ച ചെയ്യാനും വിദേശകാര്യ തലത്തിലുള്ള സംഭാഷണം അവസരം നൽകി. എല്ലാ മേഖലകളിലും ഉണ്ടായിട്ടുള്ള മികച്ച പുരോഗതിയെ ഇരുപക്ഷവും സ്വാഗതം ചെയ്യുകയും ജലം, കൃഷിയും ആരോഗ്യവും (WAH കാര്യപരിപാടി), ശാസ്ത്രവും സാങ്കേതികവിദ്യയും, ഹൈ-ടെക്കും ഇന്നവേഷനും തുടങ്ങിയ മുൻഗണനാ മേഖലകളിലെ ഭാവി പദ്ധതികൾ ചർച്ച ചെയ്യുകയും ചെയ്തു. നിർദ്ദിഷ്ട ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള താൽപ്പര്യം ഇരുവിഭാഗവും വ്യക്തമാക്കുകയും സെമികണ്ടക്ടറുകൾ, ഹരിത ഹൈഡ്രജൻ പോലുള്ള പുത്തൻ സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ സമ്മതിക്കുകയും ചെയ്തു. ശക്തവും അതിവേഗം വളരുന്നതുമായ സാമ്പത്തിക ബന്ധങ്ങളെ ഇരുപക്ഷവും പ്രകീർത്തിക്കുകയും, B2B ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പായി നെതർലാൻഡ്സിലെ ഇന്ത്യൻ കമ്പനികൾക്കായുള്ള ഫാസ്റ്റ് ട്രാക്ക് മെക്കാനിസത്തിന്റെ ഉദ്ഘാടന സമ്മേളനം നടത്തേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടുകയും ചെയ്തു. പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്കും സാംസ്കാരിക ബന്ധങ്ങൾ വിപുലപ്പെടുത്തുന്നതിനും ഒരു പ്രധാന കണ്ണിയായി പ്രവർത്തിക്കുന്ന നെതർലാൻഡ്സിലെ ഇന്ത്യൻ സമൂഹത്തിന്റെ വലിയ തോതിലുള്ള സാന്നിധ്യത്തെ ഇരു വിഭാഗവും അഭിനന്ദിച്ചു. ഇരുവിഭാഗത്തിനും താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിലുള്ള കാഴ്ചപ്പാടുകളും പങ്കുവയ്ക്കപ്പെട്ടു.

3. നെതർലാൻഡ്സ് സന്ദർശന വേളയിൽ, സെക്രട്ടറി (വെസ്റ്റ്) STEM ഗവേഷണ, വിദ്യാഭ്യാസ രംഗത്തെ പ്രമുഖ സ്ഥാപനമായ ടെക്നിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഡെൽറ്റും സന്ദർശിച്ചു. ഇന്ത്യയിൽ നിന്നുള്ള

അധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവരുമായി അദ്ദേഹം സംസാരിച്ചു. സാമൂഹിക വെല്ലുവിളികളെ നേരിടുന്നതിനുള്ള നവീകരണത്തിന്റെയും സാങ്കേതികവിദ്യയുടെയും മേഖലയിലെ ഇന്ത്യയും നെതർലാൻഡും തമ്മിലുള്ള പങ്കാളിത്തം സംഭാഷണ വിഷയമായി. സെക്രട്ടറി പീസ് പാലസ് സന്ദർശിക്കുകയും അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ രജിസ്ട്രാർ ശ്രീ. ഫിലിപ്പ് ഗോട്ടിയാറുമായും ജഡ്ജി ദൽവീർ ഭണ്ഡാരിയുമായും കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

4. ജലം, കൃഷി, ആരോഗ്യം, ശാസ്ത്ര-സാങ്കേതികവിദ്യ, വിദ്യാഭ്യാസം, സൈബർ, ഷിപ്പിംഗ് എന്നിവയും മറ്റും പോലുള്ള വിവിധങ്ങളായ മേഖലകളിൽ പങ്കിടുന്ന ജനാധിപത്യ മൂല്യങ്ങളെയും ബഹുമുഖ സഹകരണത്തെയും അടിസ്ഥാനമാക്കി ഇന്ത്യയും നെതർലാൻഡ്സും ശക്തമായ ഉഭയകക്ഷി ബന്ധം പങ്കിടുന്നു. വെള്ളപ്പൊക്ക നിയന്ത്രണം, ശുദ്ധജല സാങ്കേതികവിദ്യകൾ മുതലായവ രംഗങ്ങളിൽ വിപുലമായ സഹകരണവും അറിവ് പങ്കിടലും ഉൾപ്പെടുന്ന ജലം സംബന്ധിച്ച തന്ത്രപരമായ പങ്കാളിത്തം ഇരു രാജ്യങ്ങളും തമ്മിലുണ്ട്. രാഷ്ട്രീയ, ഉദ്യോഗസ്ഥ തലങ്ങളിൽ പതിവായി ഉഭയകക്ഷി സന്ദർശനങ്ങൾ നടത്തപ്പെടുന്നു. കഴിഞ്ഞ വർഷം, ഇന്ത്യയുടെ ജി20 പ്രസിഡൻസി സമയത്ത് നെതർലാൻഡ്സിനെ അതിഥി രാജ്യമായി ക്ഷണിക്കുകയും 2023 സെപ്റ്റംബറിൽ ന്യൂഡൽഹിയിൽ നടന്ന ജി20 ഉച്ചകോടിയിൽ പ്രധാനമന്ത്രി ശ്രീ. മാർക്ക് റുട്ടെ പങ്കെടുക്കുകയും ചെയ്തു.

**ന്യൂഡൽഹി**
**മേയ് 03, 2024**